## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2802

20.03.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ .ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന-നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 1967-ലെ ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം 2014-ൽ ഓരോ ജില്ലാ കളക്ടർമാരും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) | അനധികൃതമായി ഭൂമി പരിവർത്തനപ്പെടുത്തുന്നത് തടയുന്നതിനായി ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരമായി പരിശോധനകൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നേതൃത്വത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു.<br><br>2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടാത്ത ഭൂമിയെ സംബന്ധിച്ച് 1967-ലെ കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അതോടൊപ്പം കെ.എൽ.യു ഉത്തരവിന്റെ പരിധിയിൽ വരുന്ന ഭൂമി മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് ടി ഉത്തരവിലെ ക്ലോസ് 6 പ്രകാരം അനുമതി നൽകുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർ/ആർ.ഡി.ഒയ്ക്ക് അധികാരമുണ്ട്. അപ്രകാരം അനുവദിക്കാവുന്ന അപേക്ഷകളിലും കോടതിയുടെ വ്യക്തമായ നിർദ്ദേശങ്ങളുള്ള കേസുകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുമതി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ